(ബി) കാർഷിക മേഖലയിൽ മൊത്തം 1,479.2 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വരൾച്ചമൂലം വിളനഷ്ടം സംഭവിച്ച കർഷകരുടെ കാർഷിക കടം സംബന്ധിച്ചുള്ള ജപ്തി നടപടികൾ 6 മാസത്തേക്ക് നിർത്തിവച്ചു. കൂടാതെ വയനാട് ജില്ലയിലെ വരൾച്ചമൂലം കഷ്ടപ്പെടുന്ന കൃഷിക്കാർക്കും കർഷക തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിച്ചു.

കൃഷിനാശം സംബന്ധിച്ചുള്ള വരൾച്ചാ ദുരിതാശ്വാസ ധനസഹായം ഇരട്ടിയാക്കി വർദ്ധിപ്പിച്ച് ഉത്തരവാകുകയും എത്രയും പെട്ടെന്ന് അർഹരായ കർഷകർക്ക് വിതരണം ചെയ്യുകയുമുണ്ടായി.

(സി) വരൾച്ച നേരിടുന്നതിന് മുൻകരുതൽ എന്ന നിലയിൽ നിലവിലുള്ള കിണറുകളുടേയും കുളങ്ങളുടേയും അറ്റകുറ്റപ്പണികൾ നടത്തുകയും, ജല സ്രോതസ്സുകൾ നവീകരിക്കുകയും, കുഴൽ കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും, കുടിവെള്ളക്ഷാമം അതിരൂക്ഷമായ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചിരുന്നു.

(ഡി) തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 11 ജില്ലകളെ 1965-ലെ കേരള 'ഫാമിൻ റിലീഫ് ഫണ്ട് റൂൾസ്' പ്രകാരം വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള ജില്ലകളിൽ ഭാഗികമായും വരൾച്ച ബാധിതങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) 49.04 കോടി രൂപ അനുവദിച്ചു എങ്കിലും തുക ഇതുവരേയും ലഭിച്ചിട്ടില്ല. വരൾച്ചാ ദുരിതാശ്വാസമായി കേന്ദ്രത്തോട് രണ്ട് തവണകളിലായി ആകെ 2844.90 കോടി രൂപ ആവശ്യപ്പെടുകയുണ്ടായി.

ഭൂമി കയ്യേറ്റവും വ്യാജപട്ടയ നിർമ്മാണവും

*13 [132] ശ്രീ. എ. സി. മൊയ്തീൻ:

,, കെ. കെ. ജയചന്ദ്രൻ:

,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി കയ്യേറ്റവും വ്യാജ പട്ടയ നിർമ്മാണവും വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വ്യാജപട്ടയ നിർമ്മാണത്തിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭൂമി കയ്യേറ്റവും വ്യാജപട്ടയ നിർമ്മാണവും സംബന്ധിച്ച് എത്ര കേസുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇടുക്കി ജില്ലയിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച് രൂപീകരിച്ച അന്വേഷണ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ സമിതിയുടെ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുമോ;

(ജി) വനം-റവന്യൂ ഭൂമി കയ്യേറ്റം സംബന്ധിച്ചും, വ്യാജ പട്ടയം സംബന്ധിച്ചും ഇപ്പോൾ നടക്കുന്ന വകുപ്പുതല അന്വേഷണത്തിന് പുറമേ നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ തയ്യാറാകുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ ഇതു സംബന്ധിച്ച അന്വേഷണം നടന്നുവരുന്നു.

(സി) ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) കോട്ടയം ജില്ലയിൽ ഭൂമി കയ്യേറ്റം സംബന്ധിച്ച് 706 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. വ്യാജപട്ടയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽ 1423 വ്യാജപട്ടയ കേസുകളും, ചിറ്റൂർ താലൂക്കിൽ 96 വ്യാജപട്ടയ കേസുകളും കണ്ടെത്തിയിട്ടുണ്ട്. ആരംഭിച്ച അന്വേഷണം പൂർത്തീകരിച്ചാൽ മാത്രമേ എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാവുകയുള്ളു.

(ഇ) അന്വേഷണം പൂർത്തീകരിച്ചിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) പരിഗണനയിലില്ല.

സ്വാശ്രയ കോളേജുകളിലെ ഫീസ്

*14 [134] ശ്രീ. തമ്പാനൂർ രവി:

,, അടൂർ പ്രകാശ്:

,, കെ. അച്ചുതൻ:

,, ടി. എൻ. പ്രതാപൻ:

,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് സംബന്ധിച്ച് അംഗീകൃത രാഷ്ട്രീയ കക്ഷികളുമായും, വിദ്യാർത്ഥി പ്രതിനിധികളുമായും, മാനേജ്മെന്റ് പ്രതിനിധികളുമായും ചർച്ചകൾ നടത്തിയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly